# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1667 — 11.02.2013-ൽ മറുപടിക്ക്

### <u>ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. പാലോട് രവി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഫാർമേഴ്സ് സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) യും (ബി) യും<br>സംസ്ഥാനത്ത് 'ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ' ആരംഭിയ്ക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 40 ബ്ലോക്കുകളിൽ തെരഞ്ഞെടുക്കപ്പെട്ട 40 പ്രാഥമിക സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ 40 കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് 10 കോടി രൂപ ചെലവഴിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക അനുവദിച്ച് പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ കർഷകരെ പ്രോത്സാഹിപ്പിച്ച് കാർഷിക ഉത്പാദനം വർദ്ധിപ്പിയ്ക്കുക എന്നതാണ് ഫാർമേഴ്സ് സർവ്വീസ് സെന്ററുകളുടെ പ്രധാന ലക്ഷ്യം. |

| | |
|---|---|
| (സി) കർഷകർക്ക് കൃത്യസമയത്ത് വിത്തും വളവും ലഭ്യമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സെന്ററുകളിൽ ഒരുക്കിയിട്ടുള്ളത്; | സി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, ആധുനിക രീതിയിൽ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് കർഷകർക്ക് പരിശീലനവും നിർദ്ദേശവും നൽകുക, കാർഷിക വിളകളുടെ വിൽപ്പന നടത്തുന്നതിന് മികച്ച സംവിധാനം ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി., സംസ്ഥാന ഹോർട്ടി കൾച്ചർമിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് ഏജൻസിയായി പ്രവർത്തിക്കുക തുടങ്ങിയ സൗകര്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്. |
| (ഡി) ഇവയുടെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) ബ്ലോക്ക് തലത്തിൽ പ്രവർത്തനമാരംഭിക്കുന്ന ഓരോ ഫാർമേഴ്സ് സർവ്വീസ് സെന്ററിനും പരമാവധി 25 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ